കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വള്ളികുന്നം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എ.എൽപി/പി6/1551/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.23.11.2018

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്ത്- 2017 -18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി:23.11.2018

# ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. - 01.11.2017 മുതൽ 30.09.2018വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.10.2018 മുതൽ 26.10.2018 വരെ | ശ്രീ.ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി. മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ശ്രീകാന്ത്.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ.ജി.മുരളി | 01.04.2017 മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ് | 01.04.2017 മുതൽ 31.05.2017വരെ |
| ശ്രീ. ഗോപകുമാർ.എ (അസിസ്റ്റന്റ് സെക്രട്ടറി -ചാർജ്ജ്) | 01.06.2017 മുതൽ 07.16.2017 വരെ |
| ശ്രീ. പ്രദീപ്.എസ് | 08.06.2017 മുതൽ 31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സണ്‍

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ബിജി പ്രസാദ് | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ. വി.കെ.അനിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.അമ്പിളി.എ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ.എൻ. വിജയകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി.തൻസി ഷെരീഫ് | 01.04.2017 മുതൽ 23.08.2017 വരെ |
| | | ശ്രീമതി.ഷാനിദാ ബീവി | 24.08.2017 മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.തോമസ് മാത്യു | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ | ശ്രീമതി. വിസ്മി വിശ്വം | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ.ബീന | 01.04.2017 മുതൽ 06.08.2017 വരെ |
| | | ഡോ.റിഷാദ്.എ | 07.08.2017 മുതൽ 31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയൂർവേദം) | ഡോ.രശ്മി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശ്രീലേഖ | 01.04.2017 മുതൽ 31.03.2018 വരെ |
| 7 | ഹെഡ്മിസ്ട്രസ്സ് ഗവ.യു.പി.എസ്. | ശ്രീമതി. ഉഷാദേവി | 01.04.2017 മുതൽ 31.03.2018 വരെ |
| 8 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ലക്ഷ്മി.ജി. മോഹൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | | |
|---|---|---|---|
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ബിനീഷ് | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രവീൺ | 01.04.2017 മുതൽ 31.03.2018 വരെ |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.വിനോദ് .വി | 01.04.2017 മുതൽ 09.11.2017 വരെ |
| | | ശ്രീമതി.ബീന.പി.എസ് | 10.11.2017 മുതൽ 31.03.2018 വരെ |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഗോപകുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ് |
| 3 | 2-2 | ട്രേഡേഴ്സ് ലിസ്റ്റിന് ആനുപാതികമായി ഡി & ഒ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല |
| 4 | 2-3 | സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല |
| 5 | 2-4 | ടെൻഡർ ഫീസിനത്തിലുള്ള 45800/-രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല |
| ഭാഗം – 3 | | |
| 6 | 3-1 | ക്രമവിരുദ്ധമായി കരാറുകാർക്ക് അധികം അനുവദിച്ച 27421/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു -ഓഡിറ്റ് ഇംപാക്റ്റ് |
| 7 | 3-2 | പകൽ വീടിനായി പണിത കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കാതെ വർഷങ്ങൾക്ക് ശേഷവും നിഷ്ക്രിയമായി തുടരുന്നു |
| 8 | 3-3 | തെരുവ് വിളക്കിന് ട്യൂബ് സെറ്റ് വാങ്ങൽ -സുതാര്യതയില്ല |
| 9 | 3-4 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ - വിതരണ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ പാലിന് സബ്സിഡി അനുവദിച്ചു |

| | | |
|---|---|---|
| 10 | 3-5 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ |
| 11 | 3-6 | ചെലവു രേഖകൾ ഹാജരാക്കിയില്ല, തുക നിരാകരിക്കുന്നു |
| 12 | 3-7 | സേവന നികുതി ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 43288/- രൂപ ഒടുക്കു വരുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു |
| 13 | 3-8 | നടക്കാത്ത ഗ്രാമസഭയുടെ പേരിലുള്ള ചെലവ്- നിരാകരിക്കുന്നു |
| 14 | 3-9 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നു |
| 15 | 3-10 | തനതുഫണ്ട് വിനിയോഗം- ക്വട്ടേഷൻ കൂടാത നേരിട്ട് പ്രവർത്തന നിർവ്വഹണം നടത്തിയിരിക്കുന്നു |
| 16 | 3-11 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 17 | 3-12 | കെ.എസ്.ഇ.ബി നിർവ്വഹണ ഏജൻസിയായി ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരിച്ചിട്ടില്ല |
| 18 | 3-13 | ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല |
| 19 | 3-14 | തൊഴിൽരഹിത വേതന വിതരണം -രേഖകളുടെ പരിപാലനത്തിൽ നിയമാനുസൃത നടപടികൾ പാലിക്കുന്നില്ല |
| ഭാഗം – 4 | | |
| 20 | 4-1 | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 22 | അനുബന്ധം.2 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് (മുന്നിരിപ്പ് ഉൾപ്പെടെ) |
|---|---|---|
| ബജറ്റ് പ്രകാരം | 14,92,45,000 | 19,25,25,000 |
| വാർഷിക കണക്ക് പ്രകാരം | 72126637 | 73586736 |

### 1-2) വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 24.04.2018 |

## 1-3) വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ.എ.എൽ.പി.ജി.എ.4_1126(49)/18/06.07.2018 | വിശേഷണങ്ങളോടു കൂടിയത് |

## 1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12947623 |
| വരവ് | 72126637 |
| ആകെ | 85074260 |
| ചെലവ് | 73586736 |
| നീക്കിയിരിപ്പ് | 11487524 |

## 1-5) ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | | 17344000 | 17344000 | 17145170 | 198830 |
| വികസനഫണ്ട് എസ്.സി.പി. | | | 8864584 | 8864584 | 8410657 | 453927 |
| വികസനഫണ്ട് ടി.എസ്.പി. | | | 0 | 0 | | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | | | 1337000 | 1337000 | 1031000 | 306000 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 3809000 | 3809000 | 3259753 | 549247 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | | 8146039 | 8146039 | 738964 | 7407075 |
| പെർഫോമൻസ് ഗ്രാന്റ് | | | 1436650 | 1436650 | 1176750 | 259900 |
| എം.എൻ.ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | - | 38459798 | 38459798 | 38459798 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 137245 | 1265438 | 1402683 | 1396084 | 6599 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ.സി.ഡി.എസ്) | | 1018629 | 780904 | 1799533 | 213821 | 1585712 |
| ജോയിന്റ് വെഞ്ച്വർ | ബ്ലോക്ക് പഞ്ചായത്ത് | 550 | 1935000 | 1935550 | 1426450 | 509100 |
| | ജില്ലാ പഞ്ചായത്ത് | 225550 | 225550 | 450550 | 441450 | 9100 |
| ബി ഫണ്ട് | | | 207880 | 207880 | 207880 | - |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5338311 | 10285826 | 15624137 | 11643238 | 3980899 |

| | | | | | | |
|---|---|---|---|---|---|---|
| | ട്രഷറി അക്കൗണ്ട് | 5535785 | 13790537 | 19326322 | 14351105 | 4975217 |

കുറിപ്പ്: സർക്കാരിൽ നിന്നും വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ചതിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള തുകകൾ ലാപ്സായിട്ടുള്ളതാണ്.

## 1-6)പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 143 | 80019083 | 103 | 57269229 | 35 | 5 | 71.57 |

## പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. വള്ളികുന്നം ചിറ സൗന്ദര്യവത്ക്കരണം - 1,00,000 /- തനതു ഫണ്ട്

2. റിംഗ് കമ്പോസ്റ്റ് - 2,65,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

3. ഹരിത കർമ്മസേന കമ്മ്യൂണിറ്റി മൊബിലൈസേഷൻ - 5,80,000/-ധനകാര്യ കമ്മീഷൻ ഗ്രാന്റ്

4.വീട് വൈദ്യുതീകരണം - 24,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + പ്ലാൻ ഫണ്ട്

5. പൈങ്ങാത്തറ ഒറ്റത്തെങ്ങിൽ റോഡ് ടാറിംഗ് &സംരക്ഷണ ഭിത്തി - 5,19,000 /- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

## 1-7)തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 137245 | 1265438 | 1402683 | 1396084 | 6599 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | - | 38459798 | 38459798 | 38459798 | |

## 1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 122880 | 300 |
| കർഷകതൊഴിലാളി പെൻഷൻ | 5102100 | 456 |
| വിധവാ പെൻഷൻ | 13402800 | 1129 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 32767100 | 2028 |
| വികലാംഗ പെൻഷൻ | 3947900 | 323 |
| അവിവാഹിത പെൻഷൻ | 552100 | 61 |

### 1-9) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.10.2018 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 3696/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-10) ആഭ്യന്തര നിയന്ത്രണം

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല എന്നതൊഴിച്ചാൽ മറ്റ് അപാകതകൾ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപ്പെട്ടില്ല.

### 1-11) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.07.18 -- 19.07.18 | 06/2018 | 07.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.11-- 19.10.11 | 2008-09/2010-11 | 26.04.2012 |

### 1-12) വാർഷിക കണക്കിലെ ന്യൂനതകൾ

സ്ഥാപനത്തിന്റെ 2017-18 ലെ വാർഷികകണക്കിന്മേലുള്ള പരിശോധനാ റിപ്പോർട്ട് കെ.എസ്.എ. എ.എൽ.പി.ജിഎ.4-1126(49)/2018 നമ്പരായി പുറപ്പെടുവിച്ചിരുന്നു. ആയത് ഈ റിപ്പോർട്ടിന്റെ ഭാഗമായിരിക്കുന്നതാണ്. പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചതിന് പുറമെ താഴെപ്പറയുന്ന ന്യൂനതകൾ കൂടി വാർഷിക കണക്കിലുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

സേവന നികുതി ഇനത്തിൽ ഒടുക്കേണ്ട 43288/- രൂപ അസിസ്റ്റന്റ് എഞ്ചിനീയർ പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള 707081400000005 നമ്പർ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ ഇതിൽ 27722/- രൂപ ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ എന്ന പേരിലും 15566/- രൂപ റിട്ടൻഷൻ തുക എന്ന പേരിലുമാണ് വാർഷിക കണക്കിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

അപാകത പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പെർമിറ്റ് ഫീ ഈടാക്കിയതിൽ കുറവ്

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടത്തിലെ, ചട്ടം 11(3) പട്ടിക 2 പ്രകാരം കാറ്റഗറി IIൽ ഉള്ള പഞ്ചായത്തുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീ 5/- രൂപയാണ്. 2017-18 കാലയളവിൽ കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് ഫീ അടച്ച ചുവടെ ചേർക്കുന്ന വ്യക്തികളിൽ നിന്നും നിയമാനുസൃത തുകയിൽ കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളത്.

| ഫയൽ നം. | അപേക്ഷകന്റെ പേര് | പെർമിറ്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം | അടച്ച തുക/രസീത് നം | അടയ്ക്കേണ്ട തുക | വ്യത്യാസം |
|---|---|---|---|---|---|
| A4-3189/17/ 03.08.17 | ശ്രീകുമാർ, ശ്രീനിലയം | 194.81 $m^2$ | 585/117030101594 /03.07.17 | 974.05 | 389.05 |
| A4-4419/17/ 17.08.17 | ദീപ, കല്പക | 222 $m^2$ | 666/117030102280 /18.09.17 | 1110 | 444 |
| | | | | ആകെ | 833.05 |

മേൽ അപാകതയിന്മേൽ വിശദീകരണം നല്കുവാൻ സെക്രട്ടറിയ്ക്ക് ഓഡിറ്റ് അന്വേഷണം നം.12/23.10.18 നല്കിയതിനെ തുടർന്ന് രസീത് നം.118030103024/26.10.2018 പ്രകാരം 833/- രൂപ തിരികെയടച്ചു.

## 2-2 ട്രേഡ്സ് ലിസ്റ്റിന് ആനുപാതികമായി ഡി & ഒ ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി ഒടുക്കുകയോ ചെയ്തിട്ടില്ല

പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം പഞ്ചായത്തിൽ 435 വ്യാപാര സ്ഥാപനങ്ങളാണുള്ളത്. എന്നാൽ ഇതിൽ 288 സ്ഥാപനങ്ങൾ മാത്രമേ 2017-18 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളൂ. ലൈസൻസ് എടുത്തിട്ടുള്ളവർ മാത്രമാണ് തൊഴിൽ നികുതിയും ഒടുക്കിയിട്ടുള്ളത്. കൂടാതെ തൊഴിൽകരമിനത്തിൽ മുൻവർഷത്തെ 11550/- രൂപയും തൻവർഷത്തെ 30750/- രൂപയും ചേർത്ത് 42300/- രൂപ പിരിച്ചെടുക്കാനുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/22.10.2018) നിലവിൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസിന്റെയോ തൊഴിൽ നികുതിയുടെയോ പരിധിയിൽ വന്നിട്ടില്ലെന്നും അടുത്ത വർഷം സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ ഇതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടെന്നും പറഞ്ഞിരിക്കുന്നു. ഇക്കാര്യത്തിൽ നികുതി നഷ്ടം ഒഴിവാക്കുന്നതിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്നില്ല

മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് വള്ളികുന്നം പഞ്ചായത്ത് അതിർത്തിയിൽ വള്ളികുന്നത്തും കാഞ്ഞിരത്തുംമൂട്ടിലുമായി 2 ബ്രാഞ്ചുകളാണുള്ളത്. ഇതിൽ കാഞ്ഞിരത്തുംമൂട് ബ്രാഞ്ചിൽ നിന്നു മാത്രമാണ് സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടുള്ളത്. തന്മൂലം രണ്ട് അർദ്ധവർഷങ്ങളിലുമായി 2500/- രൂപയാണ് പഞ്ചായത്തിന് നഷ്ടമായിട്ടുള്ളത്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/22.10.2018) തങ്ങൾ നോൺ ബാങ്കിംഗ് സ്ഥാപനമാണെന്നും അതിനാൽ ചട്ടപ്രകാരം ഒരു പഞ്ചായത്തതിർത്തിയിലെ ഒരു ശാഖയിൽ നിന്നു മാത്രം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയാൽ മതിയെന്നും കാണിച്ചുള്ള മേൽ സ്ഥാപനത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിലാണ് ആയത് ഒഴിവാക്കിയിട്ടുള്ളതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന പ്രസ്തുത സ്ഥാപനത്തിന് ചട്ടപ്രകാരം സ്ഥാപന തൊഴിൽ നികുതി അടക്കുവാൻ ബാദ്ധ്യതയുള്ളതിനാൽ നികുതി കുടിശ്ശിക ഈടാക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ടെൻഡർ ഫീസിനത്തിലുള്ള 45800/-രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

പഞ്ചായത്തിൽ 17-18 വർഷം ഇ-ടെൻഡർ മുഖേന നടപ്പാക്കിയ 35 മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫീസിനത്തിൽ 4,58,000/- രൂപ കരാറുകാരിൽ നിന്നും ലഭിച്ചിരുന്നു. NIC മുഖേന ഓൺലൈനായി ലഭിച്ച ഈ തുക

എൽ.എസ്.ജി.സി ആലപ്പുഴ ഡിവിഷനിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് ക്രഡിറ്റ് വന്നിട്ടുള്ളത്. പഞ്ചായത്തിന് അർഹതപ്പെട്ട ഈ തുക ഓഡിറ്റ് സമയം വരെ (10/18) തിരികെ ലഭിച്ചിട്ടില്ല. ആകയാൽ ടെൻഡർ ഫീസിനത്തിലുള്ള തുക തിരികെ ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂട്ടാൻ സത്വര നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ക്രമവിരുദ്ധമായി കരാറുകാർക്ക് അധികം അനുവദിച്ച 27421/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു -ഓഡിറ്റ് ഇംപാക്ട്

CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 വർഷം നടപ്പാക്കിയതുമായ താഴെപറയുന്ന റോഡ് കോൺക്രീറ്റിംഗ് വർക്കുകൾക്കായി കരാറുകാരൻ ലഭ്യമാക്കിയ 40mm മെറ്റലിന്റെ അളവിൽ അധികരിച്ച് തുക നൽകുക വഴി അധിക ചെലവായ 27421/- രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരികെ ഈടാക്കി. പ്രവൃത്തികളുടെ ആവശ്യത്തിനായി കരാറുകാരിൽ നിന്നും വാങ്ങി അളവെടുത്ത് എം.ബുക്കിൽ രേഖപ്പെടുത്തിയ മെറ്റലിന്റെ അളവിൽ അധികരിച്ചും, വോയിഡ്സ് കുറയ്ക്കാതെയും (7.5%) തുക അനുവദിച്ചതുമൂലമാണ് ഇപ്രകാരം അധിക ചെലവിന് ഇടയാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിന്റെ പേര് | കരാറുകാരൻ | എം. ബുക്ക് പ്രകാരം സ്റ്റോക്ക് ചെയ്ത മെറ്റലിന്റെ അളവ് | 7.5% വോയിഡ്സ്സ് കുറച്ച് തുക നൽകേണ്ട അളവ് ($M^3$) | തുക നൽകിയ അളവ് ($M^3$) | അധികം നൽകിയ തുക @1550/ $M^3$ | അളവ് പുസ്തക നമ്പർ | തിരിച്ചടച്ച രസീത് നമ്പർ/തീയതി |
|---|---|---|---|---|---|---|---|
| കളരിക്കുറ്റി മുക്ക് പേച്ചിറ അമ്പലം റോഡ് കോൺക്രീറ്റിംഗ് വാർഡ്-9 | ശ്രീ.സി.പ്രകാശ് | 31.504 | 29.14 | 39.13 | 9.99x1550=15485 | 40/17-18 | 118030103006/25.10.18 |
| പടയണിവെട്ടം അമ്പലക്കുളം-നെടിയത്ത് മുക്ക് റോഡ് കോൺക്രീറ്റിംഗ് വാർഡ്-4 | ശ്രീ.സി.പ്രകാശ് | 39.39 | 36.44 | 38.61 | 2.17x1550=3364 | 18/17-18 | 118030103006/25.10.18 |
| ചെറുകരമുക്ക് കുറ്റിയിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് വാർഡ്-6 | ശ്രീ.സി.പ്രകാശ് | 39.30 | 36.35 | 38.22 | 1.87x1550=2899 | 35/17-18 | 118030103006/25.10.18 |
| മങ്ങാട്ടേത്ത് മുക്ക് കുമ്പഴ മുക്ക് റോഡ് കോൺക്രീറ്റിംഗ് | ശ്രീ.രഘുനാഥൻ | 39.634 | 36.66 | 39.6 | 2.94x1550=4557 | 41/17-18 | 118030103008/25.10.18 |

| | | | | | | | |
|---|---|---|---|---|---|---|---|
| വാർഡ്-1 | | | | | | | |
| മാത്തിൽ തൈക്കാവ് തെക്ക്-കെ.ഐ.പി കനാൽ റോഡ് കോൺക്രീറ്റിംഗ് വാർഡ്-10 | ശ്രീ.സുനിൽചന്ദ്രൻ | 40.96 | 37.89 | 38.61 | 0.72x1550=1116 | 20/16-17 | 118030103007/25.10.18 |
| ആകെ | | | | | 27421 | | |

തനതു ഫണ്ടിൽ ഒടുക്കിയ ഈ തുക എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ തിരിച്ചടയ്ക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 3-2 പകൽ വീടിനായി പണിത കെട്ടിടം നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കാതെ വർഷങ്ങൾക്ക് ശേഷവും നിഷ്ക്രിയമായി തുടരുന്നു

പഞ്ചായത്തിന്റെ 1-ാം വാർഡിൽ പകൽ വീടിനായി ജില്ലാ പഞ്ചായത്ത് നിർമ്മിച്ച് പൂർത്തീകരിച്ച കെട്ടിടം 2014-15 വർഷം പഞ്ചായത്തിന് കൈമാറിയിരുന്നു. എന്നാൽ കൈമാറി കിട്ടി 4 വർഷങ്ങൾക്ക് ശേഷവും ഈ കെട്ടിടം നിർദ്ദിഷ്ടാവശ്യത്തിനായി വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കെടിടത്തിൽ അധിക നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിനും, ചുറ്റമതിൽ നിർമ്മിക്കുന്നതിനുമായി 2016-17 വർഷം 457000/- രൂപ അടങ്കലുള്ള ഒരു പദ്ധതി തയ്യാറാക്കുകയും, ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. 2017-18 ൽ പൂർത്തീകരിച്ച ഈ പ്രവർത്തിക്ക് 403026/- രൂപ മൂല്യനിർണ്ണയം നടത്തി കൺവീനർക്ക് തുക നൽകിയിട്ടുണ്ട് (ബിൽ നം.14/31-7-17). എന്നാൽ ഈ കെട്ടിടത്തിൽ നിലവിൽ വൈദ്യുതി, കുടിവെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല. ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച കെട്ടിടത്തിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ വർഷങ്ങളായി നിഷ്ക്രിയമായി സൂക്ഷിക്കുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതിൻ മേൽ വിശദീകരണം ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/20.10.18) കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ 18-19 ൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി നൽകി. ഈ വിഷയത്തിൽ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. നിഷ്ക്രിയ ആസ്തിക്കായി തൻ വർഷം മുടക്കിയ 403026/- രൂപയുടെ ചെലവ് മേൽ കാരണത്താൽ തടസ്സപ്പെടുത്തുന്നു.

## 3-3 തെരുവ് വിളക്കിന് ട്യൂബ് സെറ്റ് വാങ്ങൽ -സുതാര്യതയില്ല

സെക്രട്ടറി നടപ്പാക്കിയ തെരുവ് വിളക്കിന് പുതിയ ട്യൂബ് സെറ്റ് സ്ഥാപിക്കൽ പ്രോജക്ട് (പ്രോജക്ട് നം. S0147/18) പ്രകാരം ട്യൂബ് സെറ്റുകൾ വാങ്ങുന്നതിനായി 30.11.16 ൽ ടെന്റർ ക്ഷണിച്ച് കൊണ്ട് പത്ര പരസ്യം നൽകിയിരുന്നു. എന്നാൽ പ്രസ്തുത പരസ്യത്തോടൊപ്പം വാങ്ങേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ, എണ്ണം എന്നീ വിവരങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല. വിജയ് ഏജൻസീസ്, കൊല്ലം, തമ്പുരാൻകാലായിൽ ഏജൻസീസ് കോഴഞ്ചേരി എന്നീ സ്ഥാപനങ്ങളാണ് ടെന്റർ സമർപ്പിച്ചിരുന്നത്. ഇവയിൽ വിജയ് ഏജൻസീസ് സമർപ്പിച്ച ടെന്റർ കുറഞ്ഞ ടെന്ററായി പരിഗണിച്ച് 515 ഡബിൾ ട്യൂബ് സെറ്റുകൾ, മറ്റ് ഫിറ്റിംഗ്സ് ഉപകരണങ്ങൾ എന്നിവ 1359/- രൂപ നിരക്കിൽ (സ്ഥാപന ചെലവ് 140രൂപ ഉൾപ്പെടെ) വാങ്ങിയിട്ടുണ്ട്. എന്നാൽ തമ്പുരാൻകാലായിൽ ഏജൻസീസ്, കോഴഞ്ചേരി സമർപ്പിച്ച ടെന്ററിൽ ഡബിൾ ട്യൂബ് സെറ്റുകളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. അവർ സിംഗിൾ ട്യൂബ് സെറ്റിന്റെ വില മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. അങ്ങനെയിരിക്കെ വ്യത്യസ്ത

സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളുടെ ടെന്റർ സമർപ്പിച്ച സ്ഥാപനങ്ങളിൽ നിന്ന് വിജയ് ഏജൻസീസ് സമർപ്പിച്ച ടെന്റർ കുറഞ്ഞ ടെന്ററായി പരിഗണിച്ചതെങ്ങനെയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ 8.6.2017 ലാണ് നിലവിലെ സെക്രട്ടറി ചാർജ്ജെടുത്തത് എന്നും ഈ സമയം വാങ്ങി സൂക്ഷിച്ചിരുന്നതായ ഡബിൾ ട്യൂബുകളുടെ സ്ഥാപിക്കൽ കെ.എസ്.ഇ.ബിയുടെ അനുമതിയോടെയല്ലാതെ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതായും, അപ്പോഴേക്കും വാങ്ങിയതിൽ 1/3% ട്യൂബ് സെറ്റുകളുടെ സ്ഥാപനം നടന്നതിനാൽ കെ.എസ്.ഇ.ബിയിൽ നിന്ന് ഉടർ നടപടികൾ സ്വീകരിച്ച് 515 ട്യൂബ് സെറ്റുകളും സ്ഥാപിക്കുകയായിരുന്നു എന്നും മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ വിജയ് ഏജൻസീസ് മാത്രം സമർപ്പിച്ച ഡബിൾ ട്യൂബ് സെറ്റിന്റെ ടെന്റർ കുറഞ്ഞ ടെന്ററായി അംഗീകരിച്ച് വാങ്ങൽ നടത്തിയത് എപ്രകാരം എന്നതിന്മേൽ വിശദീകരണം ലഭിച്ചിട്ടില്ലാത്തതിനാൽ മറുപടി തൃപ്തികരമല്ല. ഇക്കാരണത്താൽ പ്രോജക്ടിനായി ആകെ ചെലവഴിച്ച 699885 (25183/4.1.18-500000, 26340/28.03.18-199885) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പാക്കിയ പ്രോജക്ടുകൾ - വിതരണ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ പാലിന് സബ്സിഡി അനുവദിച്ചു

ഡയറി ഫാം ഇൻസ്ട്രക്ടർ മുഖേന ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കിയിരുന്നു. പാൽ സൊസൈറ്റികൾ ഹാജരാക്കുന്ന മാസം തോറുമുള്ള പാലളവ് സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാന ത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ അളന്ന പാലിന്റെ അടിസ്ഥാനത്തിൽ ക്ഷീര കർഷകർക്ക് നൽകേണ്ട ആനുകൂല്യം സംബന്ധിച്ച് വിശദാംശം തയാറാക്കിയിട്ടില്ല. ഇക്കാരണത്താൽ സബ്സിഡി നല്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | ക്ഷീരസംഘം | ചെലവഴിച്ച തുക | ബിൽ നം./ചെക്ക് നം./തീയതി |
|---|---|---|---|---|
| പാലിന് സബ്സിഡി (വനിത) | S0104/18 | തൈക്കൈമുറി KUCS Ltd No. A137 | 96360 | 11/28.02.2018 |
| | | കട്ടുവിനാൽ KUCS | 79898 | 13/14.03.2018 |
| | | വള്ളികുന്നം KUCS | 93855 | 14/14.03.2018 |
| | | മീനത്ത് KUCS | 250000 | 2886172/ 15.03.2018 |
| | | തൈക്കൈമുറി KUCS | 75000 | 2886173/15.03.2018 |
| | | കാരാഴ്മ KUCS | 75000 | 2886173/15.03.2018 |
| പാലിന് സബ്സിഡി (ജനറൽ) | S094/18 | വള്ളികുന്നം KUCS | 334061 | 6/31.01.2018 |
| | | തൈക്കൈമുറി KUCS ltd No . A137 | 213941 | 10/28.02.2018 |
| | | കട്ടുവിനാൽ KUCS | 198802 | 12/14.03.2018 |
| | | വള്ളികുന്നം KUCS | 139422 | 15/14.03.2018 |
| | | കാരാഴ്മ KUCS | 60333 | 16/14.03.2018 |
| | | കാരാഴ്മ KUCS | 45272 | 17/14.03.2018 |
| | | വള്ളികുന്നം KUCS | 204378 | 18/24.03.2018 |
| | | മീനത്ത് KUCS | 300000 | 2886171/15.03.2018 |
| ആകെ | | | 21,66,322 | |

കൂടാതെ വള്ളികുന്നം ക്ഷീരോത്പാദക സംഘത്തിന്റെ ഏപ്രിൽ 2017, മെയ് 2017, ജൂൺ 2017 മാസങ്ങളിലെ പാലളവ് സ്റ്റേറ്റ്മെന്റ് പ്രകാരം നൽകേണ്ട സബ്സിഡി തുക 1,28,130/- രൂപയാണ്. എന്നാൽ 1,31,035 രൂപ (ബിൽ നം. 5/31.01.18) പിൻവലിച്ച് കർഷകരുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ 2,905/- രൂപ സബ്സിഡി ഇനത്തിൽ അധികം നൽകിയിരുന്നു. മാത്രമല്ല, ക്ഷീര സംഘങ്ങളിൽ അളന്ന പാലിന് ആനുപാതികമായി ഓരോ ഗുണഭോക്താവിനും ലഭിക്കേണ്ട സബ്സിഡി തുക എത്രയെന്നത് സംബന്ധമായി നിർവ്വഹണ ഉദ്യോഗസ്ഥ സ്റ്റേറ്റ്മെന്റ് തയാറാക്കാത്തതിനാൽ വിതരണം ചെയ്ത സബ്സിഡി തുകയുടെ കൃത്യത പരിശോധിക്കാനും സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ 2294452/- (2166322 + 128130) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സബ്സിഡി ഇനത്തിൽ അധികം ചെലവഴിച്ച 2905 രൂപ ഡയറി ഫാം ഇൻസ്ട്രക്ടർ രസീത് നം.118030103209/13.11.18 പ്രകാരം തിരികെ അടച്ചതിനാൽ 2905/- രൂപയുടെ നിരാകരണം ഒഴിവാക്കുന്നു.

## 3-5 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1) വെറ്റിലകൃഷി - വളം വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയില്ല

കൃഷി ഓഫീസർ തൻവർഷം നടപ്പാക്കിയ വെറ്റില കൃഷി (പ്രോജക്ട് നം. S0136/18) പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾ ജൈവവളം വാങ്ങി ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 75% സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താവിന് ബില്ലിൽ അധികരിച്ച് സബ്സിഡി അധികം നൽകിയിട്ടുണ്ട്.

| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് | വാങ്ങിയ വളത്തിന്റെ വില | നൽകിയ സബ്സിഡി | നൽകേണ്ട സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|
| ബലരാമൻ.കെ.പി, കുറ്റിയിൽ കിഴക്കതിൽ, കട്ടവിനാൽ | 8 | 2550 | 3000 | 1913 | 1087 |

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് കൊണ്ടും രേഖകൾ ഉള്ള പക്ഷം ഹാജരാക്കാൻ നിർദ്ദേശിച്ച് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കാത്തതിനാൽ 1087/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2) വാഴകൃഷി വികസനം (പ്രോജക്ട് നം. S0139/18)-

ടി പ്രോജക്ട് പ്രകാരം വളം വാങ്ങിയ ഗുണഭോക്താക്കൾ വളത്തിന്റെ ബിൽ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകിയിട്ടുണ്ട്. ഇതിനായി 60,000/- രൂപ പിൻവലിച്ച് ഒരു ഗുണഭോക്താവിന് 400/- രൂപാ വീതം നൽകിയിട്ടുണ്ട്. സബ്സിഡി വിതരണ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയവരിൽ കെയ്കോ എന്ന സ്ഥാപനവും ഉൾപ്പെടുന്നു. കെയ്കോയ്ക്ക് തെറ്റായി നൽകിയ 400/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-6 ചെലവു രേഖകൾ ഹാജരാക്കിയില്ല, തുക നിരാകരിക്കുന്നു

വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ വള്ളികുന്നം പി.എച്ച്.സി യിലെ ആരോഗ്യ പ്രവർത്തകർ മുഖേന നടപ്പാക്കുന്നതിനായി ഓരോ വാർഡിനും 10,000/- രൂപ വീതം 18 വാർഡുകളിലേക്കായി ആകെ 1,80,000/- രൂപ തനതു ഫണ്ട്/ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു. ഓഡിറ്റിൽ നിന്നും ആവശ്യപ്പെട്ടതിനെ തുടർന്ന് 12 വാർഡുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥർ ചെലവു രേഖകളും പാസ്സ് ബുക്കും പരിശോധനയ്ക്കായി ലഭ്യമാക്കിയിരുന്നു. എന്നാൽ ആറു വാർഡുകളുടെ ചുമതലയുണ്ടായിരുന്ന രണ്ടു പേർക്ക് മെഡിക്കൽ ഓഫീസർ മുഖേന ഓഡിറ്റ് അന്വേഷണം നം. 14/24.10.18 നല്കിയിരുന്നുവെങ്കിലും അവർ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| വാർഡ് നം. | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേര്/തസ്തിക | ചെക്ക് നം./തീയതി |
|---|---|---|
| 4 | എം.നജ്മുദ്ദീൻ, ജെ.പി.എച്ച് .എൻ | 19794/12.06.17 |
| 5 | സുനിൽ കുമാർ.റ്റി, ജെ.പി.എച്ച്.എൻ | 19795/12.06.17 |

| | | |
|---|---|---|
| 7 | സുനിൽ കുമാർ.റ്റി, ജെ.പി.എച്ച്.എൻ | 19797/12.06.17 |
| 9 | സുനിൽ കുമാർ.റ്റി, ജെ.പി.എച്ച്.എൻ | 19799/12.06.17 |
| 11 | എം.നജ്മുദ്ദീൻ, ജെ.പി.എച്ച്.എൻ | 19801/12.06.17 |
| 12 | എം.നജ്മുദ്ദീൻ, ജെ.പി.എച്ച്.എൻ | 19802/12.06.17 |

ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാക്കാത്തതിനാൽ 1997- ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12 അനുശാസിക്കും പ്രകാരം രേഖകളില്ല എന്ന നിഗമനത്തിൽ ഇവർ കൈപറ്റിയ 60000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക മേൽ പരാമർശിച്ച ജീവനക്കാരുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നു.

## 3-7 സേവന നികുതി ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച 43288/- രൂപ ഒടുക്കു വരുത്താതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

എസ്റ്റിമേറ്റിൽ സേവന നികുതി ഉൾപ്പെടുത്തിയതും 17-18 വർഷം നടപ്പാക്കിയതുമായ താഴെപ്പറയുന്ന പ്രവർത്തികളുടെ ഫൈനൽ ബില്ലിനോടോപ്പം സർവ്വീസ് ടാക്സിനത്തിൽ 6% കൂട്ടി അതുൾപ്പെടെയുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

| വർക്കിന്റെ പേരും<br>പ്രോജക്ട് നമ്പരും | എസ്റ്റിമേറ്റ് | കരാറുകാരന്റെ/ കൺവീനറുടെ പേര് | സേവന നികുതി ഇനത്തിൽ പിൻവലിച്ച തുക | അളവ് പുസ്തകം | ബിൽ നം. തീയതി |
|---|---|---|---|---|---|
| 1.പഞ്ചായത്ത് ഫ്രണ്ട് ഓഫീസ് ക്യാബിൻ നിർമ്മാണം<br>കോൺഫറൻസ് ഹാൾ നവീകരണം (113/17) | 490000 | രഘുനാഥൻ<br>(കരാറുകാരൻ) | 27722 | 7/16-17 | 21/30.08.17 |
| 2.ഫാമിലി വെൽഫെയർ സെന്ററിൽ<br>കാത്തിരിപ്പ് കേന്ദ്ര<br>നിർമ്മാണം(112/17) | 275000 | സുദർശനൻ<br>(കൺവീനർ) | 15566 | 19/16-17 | 26/31.12.17 |
| | | | | ആകെ | 43288 |

കരാറുകാർ സേവന നികുതി ഒടുക്കി രസീത് ഹാജാരാക്കുന്ന മുറയ്ക്ക് മാത്രമാണ് സേവന നികുതി ഇനത്തിൽ തുക ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി കരാറുകാരൻ/കൺവീനർ സേവന നികുതി ഒടുക്കാതെ തന്നെ ഇതിലേക്കായി ട്രഷറിയിൽ നിന്നും തുക പിൻവലിക്കുകയും ആയത് സെക്രട്ടറിയുടെ പേരിലുള്ള 707081400000005 നമ്പർ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുകയുമാണ് ഉണ്ടായത്. ഇതിൻമേൽ വിശദീകരണം ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/20.10.18) 01.07.17 ൽ GST നിലവിൽ വന്ന ശേഷം കരാറുകാർക്ക് സേവന നികുതി കൊടുക്കുവാൻ കഴിഞ്ഞിരുന്നില്ലായെന്നും, സേവന നികുതി അടച്ച് രസീത് ഹാജാരാക്കാത്തതിനാലാണ് സെക്രട്ടറിയുടെ

പേരിലുള്ള ട്രഷറി അക്കൗണ്ടിൽ തുക നിക്ഷേപിച്ചതെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. നിലവിൽ സേവന നികുതി നിർത്തലാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇതിലേക്കായി പിൻവലിച്ച തുക തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 നടക്കാത്ത ഗ്രാമസഭയുടെ പേരിലുള്ള ചെലവ്- നിരാകരിക്കുന്നു

വള്ളികുന്നം ഗ്രാമപഞ്ചായത്ത് മൂന്നാം വാർഡിൽ 16.04.2017-ൽ പോളോ സ്കൂളിൽ വെച്ച് ഗ്രാമസഭ ചേർന്നതായി കാണിച്ച് കസേര വാടക, വണ്ടിക്കൂലി എന്നീ ഇനങ്ങളിലായി വൗച്ചർ നം.21700114/16.05.2017 പ്രകാരം 850/-രൂപ ശ്രീ.ശങ്കരൻ എന്നയാളിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ മൂന്നാം വാർഡിൽ പ്രസ്തുത തീയതിയിൽ ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത് ക്ഷീരസംഘം ഹാളിലാണ്. ആയതിന്റെ ചെലവിലേക്ക് വൗച്ചർ നം.21700967/02.03.2018 പ്രകാരം ശ്രീ.രതീഷ് എന്നയാളിന് തുക അനുവദിച്ചിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.09/22.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇപ്രകാരം നടക്കാത്ത ഗ്രാമസഭയുടെ പേരിൽ അനുവദിച്ച 850/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക ഒടുക്കുവരുത്തി രേഖകൾ സഹിതം ഹാജരാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## 3-9 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നു

പഞ്ചായത്തിന്റെ അധീനതയിലുള്ളതും വിവിധ വർഷങ്ങളിലായി ആർജ്ജിച്ചതുമായ റോഡ്, കെട്ടിടം, വസ്തു വകകൾ തുടങ്ങിയ ആസ്തികളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിൽ അധികൃതർ വീഴ്ചവരുത്തുന്നു. റോഡുകളെ സംബന്ധിച്ച് നിലവിലുള്ള ആസ്തി രജിസ്റ്ററിൽ 2015-16 വരെയുള്ള വിവരങ്ങൾ മാത്രമെ ഉൾക്കൊള്ളിച്ചിട്ടുള്ളു എന്നാണ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചത്. ഈ രജിസ്റ്റർ ആകട്ടെ നിർമ്മാണ വർഷം, ചെലവ് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്താത്തത് മൂലം അപൂർണ്ണവുമാണ്. കൂടാതെ പഞ്ചായത്തിലെ നിലവിലുള്ള റോഡുകളെ സംബന്ധിച്ച് റോഡുമാപ്പും സൂക്ഷിച്ചിട്ടില്ല. ഇതുമൂലം ഓരോ വാർഡിലും നിലവിലുള്ളതും, ഒന്നിലധികം വാർഡുകളിലൂടേയും മറ്റ് പഞ്ചായത്തുകളിലൂടേയും കടന്ന് പോകുന്ന റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവരം പഞ്ചായത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകുന്നു. ഇതിനുപുറമെ ബ്ളോക്ക് പഞ്ചായത്ത് വള്ളികുന്നം ഗ്രാമപഞ്ചായത്തിൽ ഓരോ വർഷവും നടത്തുന്ന നിർമ്മാണ പ്രവൃത്തികളെ സംബന്ധിച്ച് നിർമ്മാണത്തിന് മുൻപോ, ശേഷമോ രേഖാമൂലം അറിയിക്കാറില്ലെന്നാണ് അസിസ്റ്റൻറ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ രേഖാമൂലം കൈമാറാത്തതിനാൽ ആസ്തി രജിസ്റ്ററിൽ ഇവയുടെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നുമില്ല. കൂടാതെ പഞ്ചായത്ത് പ്രദേശത്ത് നടപ്പാക്കുന്ന എം.പി/എം.എൽ.എ വർക്കുകളെ സംബന്ധിച്ചും ഇതേ അവസ്ഥ തന്നെ നിലനിൽക്കുന്നതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ വിവരവും ആസ്തി രജിസ്റ്ററിൽ ഉൾക്കൊള്ളിക്കാതെ പോകുന്നു. വിവിധ ഫണ്ടുകൾ വിനിയോഗിച്ച് ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാത്തത് പഞ്ചായത്തിന്റെ നിലവിലെ ആസ്തികളെ സംബന്ധിച്ച് കൃത്യമായ വിവരം ലഭിക്കാത്ത അവസ്ഥയ്ക്കും, ഇതുവഴി ആസ്തി പരിപാലനത്തിൽ വീഴ്ചയും അധിക ചെലവും ഉണ്ടാകുന്നതിന് ഇടയാക്കുന്നു. ആകെയാൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 തനതുഫണ്ട് വിനിയോഗം- ക്വട്ടേഷൻ കൂടാതെ നേരിട്ട് പ്രവർത്തന നിർവ്വഹണം നടത്തിയിരിക്കുന്നു

പഞ്ചായത്തിലെ തനതുഫണ്ട് വിനിയോഗം പരിശോധിച്ചതിൽ പല പ്രവർത്തനങ്ങളും ക്വട്ടേഷൻ ക്ഷണിക്കാതെ നേരിട്ട് നിർവ്വഹണം നടത്തുകയും പിന്നീട് തുക മാറി നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | തുക നൽകിയിരിക്കുന്ന ആളിന്റെ പേര് | വൗച്ചർ നം. | പ്രവർത്തനം | ചെക്ക് നം./തീയതി | തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീ.കെ.ജി.ഹരികിഷൻ, എക്സലന്റ് ഗ്രാഫിക്സ്, ആനയടി | 21700118 | കൊയ്ത്തുൽസവം (നോട്ടീസ്,ബാനർ, ബോർഡ്) | 18764/16.05.2017 | 11400/- |
| 2 | ശ്രീ.സാം.എസ്.മോഹൻ, മീനാക്ഷി ലൈറ്റ് & സൗണ്ട് | 21700119 | കൊയ്ത്തുൽസവം (ലൈറ്റ് &സൗണ്ട്) | 18765/16.05.2017 | 5000/- |

ഇതിന്മേൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/20.10.2018) സെക്രട്ടറി നൽകിയ മറുപടിയിൽ കൊയ്ത്തുൽസവവുമായി ബന്ധപ്പെട്ട് ബഹു.മന്ത്രിമാരുടെ തീയതി ലഭിക്കുന്നതിലെ കാലതാമസം മൂലമായിരുന്നു ഇപ്രകാരം ക്വട്ടേഷൻ കൂടാതെ പ്രവർത്തനങ്ങൾ നടത്തിയതെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഇതിനാധാരമായ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ക്വട്ടേഷൻ കൂടാതെ നിർവ്വഹണം നടത്താൻ പഞ്ചായത്ത് കമ്മിറ്റി അനുമതി നൽകിയതായും രേഖയില്ല. ഇപ്രകാരം ക്വട്ടേഷൻ കൂടാതെ പ്രവർത്തനങ്ങൾ നേരിട്ട് നിർവ്വഹണം നടത്തിയിട്ടുള്ളത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ മേൽ പറഞ്ഞിരിക്കുന്ന 16400/-രൂപയുടെ ചെലവുകൾ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18ൽ തനതു ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ ഭവന നിർമ്മാണ പദ്ധതികളിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| പദ്ധതിയുടെ നം. | ഗുണഭോക്താവിന്റെ പേര് | ഇതു വരെ കൈപ്പറ്റിയ തുക | കൈപ്പറ്റാനുള്ള തുക |
|---|---|---|---|
| 38/18 | നാരായണൻ നായർ താഴത്തു വീട്ടിൽ പടീറ്റതിൽ | 1,80,000/- | 20,000/- |
| 32/18 | ഓമന, രതീഷ് ഭവനം | 1,60,000/- | 40,000/- |
| 32/18 | അംബിക, കുറ്റിവടക്കതിൽ | 1,00,000/- | 1,00,000/- |

ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുവാൻ വി.ഇ.ഒയ്ക്ക് നല്കിയ ഓഡിറ്റ് അന്വേഷണം നം.2/20.10.18-ന് ഉള്ള മറുപടിയിൽ മേൽ ഗുണഭോക്താക്കൾ വളരെ നിസ്സഹായ അവസ്ഥയിലുള്ള വരാണെന്നും അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ടെന്നും അറിയിച്ചു.

പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകേണ്ടതാണ്. തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം നാളിതു വരെ അനുവദിച്ച തുക 12% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-12 കെ.എസ്.ഇ.ബി നിർവ്വഹണ ഏജൻസിയായി ഡെപ്പോസിറ്റ് വർക്കുകൾ - പൂർത്തീകരിച്ചിട്ടില്ല

എ) സെക്രട്ടറി മുഖേന താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവ്വഹണ ഏജൻസിയായ കെ. എസ്. ഇ. ബി. യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

| ഇനം | നിക്ഷേപിച്ച തുക | ബിൽ നം. |
|---|---|---|
| സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്റ്റ് നം.S0167/18) | 1596415 | 13/11.02.18<br>24/18.03.18 |
| സ്ട്രീറ്റ് ലൈറ്റ് മീറ്റർ (പ്രോജക്റ്റ് നം. S0168/18) | 1097727 | 26344/30.03.18<br>19/18.03.18 |
| ആകെ | 2694142 | |

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇക്കാരണത്താൽ 2694142/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) മുൻവർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി വിവിധ ഏജൻസികൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് കാലയളവിലും (10/18) ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | നിർവ്വണ ഏജൻസി | നൽകിയ തുക |
|---|---|---|
| പി എച്ച് സി വയറിംഗ് | പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിംഗ് | 4,41,000 |
| പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 15,80,000 |

മേൽ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 ലോഗ് ബുക്ക് യഥാവിധി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ (KL-31-F-2537) ലോഗ് ബുക്ക് പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ജി.ഒ (എം എസ് ) 170/07 തസ്വഭവ 30.06.07 പ്രകാരം ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിന്റെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതും ആണ്. എന്നാൽ ഇപ്രകാരം ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.
2. വാഹനത്തിന്റെ പ്രതിമാസ ഇന്ധന ഉപഭോഗവും നീക്കിയിരിപ്പും കാണിക്കുന്ന സംക്ഷിപ്തം തയാറാക്കി സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.
3. വാഹനത്തിന്റെ അറ്റകുറ്റപ്പണി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുകയോ ആയതിന്റെ വിവരങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
4. പല തീയതികളിലും വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ യാത്രയുടെ വിവരം ലോഗ് ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വാഹനത്തിന്റെ ലോഗ് ബുക്ക് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 തൊഴിൽരഹിത വേതന വിതരണം -രേഖകളുടെ പരിപാലനത്തിൽ

## നിയമാനുസൃത നടപടികൾ പാലിക്കുന്നില്ല

പഞ്ചായത്തിലെ തൊഴിൽരഹിത വേതനവിതരണ രേഖകളുടെ പരിപാലനത്തിലും, സൂക്ഷിപ്പിലും താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പഞ്ചായത്തിലെ തൊഴിൽരഹിത വേതനത്തിന്റെ ഗുണഭോക്താക്കളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ അപൂർണ്ണമാണ്. പല ഗുണഭോക്താക്കളുടേയും ഫോട്ടോ, ജനനതീയതി, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. രജിസ്റ്റർ ഗുണഭോക്താക്കളുടെ റോൾ നമ്പറിന് അനുസൃതമായി ക്രമപ്പെടുത്തിയും സൂക്ഷിച്ചിട്ടില്ല. കൂടാതെ പേജുകൾ പലതും കീറി പരിശോധനയ്ക്ക് അസാദ്ധ്യമായ നിലയിലുമാണ്.
2. വേതനം കൈപ്പറ്റുന്നവരിൽ നിന്നും തീയതി വെച്ചുള്ള കൈഒപ്പ് വാങ്ങുന്നില്ല.
3. വ്യത്യസ്ത കാലയളവിലെ വേതനമാണ് ഗുണഭോക്താക്കൾ കൈപ്പറ്റുന്നതെന്നിരിക്കെ വേതനം വിതരണ കാലയളവ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

രേഖകൾ/രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കേണ്ടത് വേതന വിതരണത്തിന്റെ സംശുദ്ധി ഉറപ്പാക്കുന്നതിന് അനിവാര്യമാകയാൽ ഇതിലേക്ക് ആവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | പാലിന് സബ്സിഡി | 3,00,000 | - |
| | | 4,00,000 | പാലിന് സബ്സിഡി (വനിത) | 4,00,000 | - |
| | | 2,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് സ്കോളർഷിപ്പ് | 2,16,450 | 8,550 |
| | | 5,10,000 | നെൽക്കൃഷി വികസനം | 5,10,000 | - |
| | | 5,00,000 | വെർട്ടിക്കൽ പമ്പ് സെറ്റ് വാങ്ങൽ | - | 5,00,000 |
| ജില്ലാ പഞ്ചായത്ത് | | 2,25,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,16,450 | 8,550 |

## 4-2) നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 13/11.02.18<br>24/18.03.18 | 1596415 | | 1596415 |
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് | 26344/30.03.18<br>19/18.03.18 | 1097727 | | 1097727 |

## 4-3) മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4) വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 747/2010<br>05.03.2010 | | 2580615 | 1000000 | | 1580615 |

## 4-5) സ്ഥിര നിക്ഷേപം

--ഇല്ല--

## 4-6) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2006-07 | 3.3<br>3.4<br>3.5<br>3.6 | 11594 | രാജലക്ഷ്മി,കൃഷി ഓഫീസർ | 117030100355/17.04.2017 |
| 2016-17 | 2.4 | 150 +<br>18 | ബീന.കെ, അറ്റന്റർ പി.എച്ച്.സി, വള്ളികുന്നം | 117030105842/14.02.2018 |
| 2016-17 | 2-5 | 1128+<br>136 | അബ്ദുൾ റഷീദ്, കുളത്തിന്റെ കിഴക്കതിൽ | 117030106300/06.03.2018 |
| 2016-17 | 2-3 | 2500 | ഫ്രണ്ട്സ് ഫൈനാൻസിയേഴ്സ് | 117030105735 /08.02.2018 |

## 4-7) സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 4:1:15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു |
| 2015-16 | 2:2 | തൊഴിൽ നികുതിയിലെ അപാകത | കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു |

## 4-8) ചാർജ് /സർചാർജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72126637 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73586736 (മുന്നിരിപ്പ് ഉൾപ്പെടെ) |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 62337 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5607905 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 2500 | 0 | രമ്യ.എ, സെക്ഷൻ ക്ലർക്ക്,<br>പ്രദീപ്. എസ്,സെക്രട്ടറി |
| 3-8 | | 850 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി (വിരമിച്ചു) |
| 3-6 | | 60000 | 1.എം.നജ്മുദ്ദീൻ, ജെ.പി.എച്ച് .എൻ<br>2.സുനിൽ കുമാർ.റ്റി, ജെ.പി.എച്ച്.എൻ |
| 3-5(1) | | 1087 | ബീന.പി.എസ്, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-5(2) | 2500 | 400 | ഷാനിദാ ബീവി, കൃഷി ഓഫീസർ |
| | ആകെ | 62337 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 16400 | ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി (വിരമിച്ചു) |
| 3-2 | 403026 | ലക്ഷ്മി. ജി. മോഹൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 699885 | പ്രദീപ്.എസ്, സെക്രട്ടറി |
| 3-4 | 2294452 | ബീന.പി.എസ്, ഡയറി ഫാം ഇൻസ്പെക്ടർ |
| 3-12 | 2694142 | പ്രദീപ്.എസ്, സെക്രട്ടറി |
| ആകെ | 6107905 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-7 | 43288/-രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സുനിൽ കുമാർ.റ്റി, ജെ.പി.എച്ച് .എൻ | ലഭിച്ചില്ല | ലഭിച്ചില്ല |
| എം.നജ്മുദ്ദീൻ, ജെ.പി.എച്ച് .എൻ | ലഭിച്ചില്ല | ലഭിച്ചില്ല |
| ഖാൻ മഹാദൂർ മുഹമ്മദ് സാഹിബ്, സെക്രട്ടറി | വിരമിച്ചു | സുമയ്യ മൻസിൽ, താമരക്കുളം |
| ലക്ഷ്മി.ജി.മോഹൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പോരുവഴി ഗ്രാമ പഞ്ചായത്ത്, കൊല്ലം ജില്ല | കണ്ടൻ ചാലിൽ, കിളികൊല്ലൂർ. പി.ഒ, കൊല്ലം |
| പ്രദീപ്.എസ്, സെക്രട്ടറി | സെക്രട്ടറി,വള്ളികുന്നം ഗ്രാമ പഞ്ചായത്ത് | കണിശ്ശേരിൽ തറയിൽ, ആലുംകടവ്.പി.ഒ, കരുനാഗപ്പള്ളി |
| രമ്യ.എ,സെക്ഷൻ ക്ലർക്ക് | സീനിയർ ക്ലർക്ക്, വള്ളികുന്നം ഗ്രാമ പഞ്ചായത്ത് | അനീഷ് ഭവനം, കല്ലേലി ഭാഗം.പി.ഒ, കരുനാഗപ്പള്ളി |
| ബീന.പി.എസ് , ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, വള്ളികുന്നം ഗ്രാമ പഞ്ചായത്ത് | തമ്പാവിൽ വീട്, അയാന്റ വിള, കടയ്ക്കാവൂർ.പി.ഒ, തിരുവനന്തപുരം |
| ഷാനിദാ ബീവി,കൃഷി ഓഫീസർ | കൃഷി ഓഫീസർ, വള്ളികുന്നം ഗ്രാമ പഞ്ചായത്ത് | മഠത്തിൽ, വള്ളികുന്നം.പി.ഒ |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്. ജി. എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |

| | |
|---|---|
| 2007-08 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014(ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014(ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്.എ.പി.6 -1299/12തീയതി 26.12.12/11.01.2013<br>(ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്.എ.പി.6-939/14/19.08.2014 |
| 2013-14 | കെ.എസ്.എ -എപി ഇസഡ്-പി.6-1095/2015 തീ.11.08.2015 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16തീയതി: 04.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1535/16തീയതി: 03.01.2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17തീയതി: 13.11.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ

# അനുബന്ധം.1

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(49)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

തീയതി: 06.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,ആലപ്പുഴ